# ശബരിമല മാലിന്യപ്രശ്നം ഇൻസിനേറ്റർ പരിഹാരമാകില്ല

കൊച്ചി : ലോകം മുഴുവൻ ഇൻസിനേറ്ററുകൾക്കെതിരെ ശബ്ദമുയർത്തുമ്പോൾ ശബരിമലയിലെ മാലിന്യപ്രശ്നം പരിഹരിക്കാൻ ഇൻസിനേറ്റർ സ്ഥാപിക്കാനുള്ള നീക്കം വിവാദമാകുന്നു.



മണിക്കൂറിൽ 350കിലോഗ്രാം ഖരമാലിന്യം കത്തിച്ചുകളയുവാൻ ശേഷിയുള്ള രണ്ട് ഇൻസിനേറ്ററുകളാണ് പമ്പയിലും സന്നിധാനത്തുമായി സ്ഥാപിക്കുന്നത്. ഇതിനുള്ള സാമഗ്രികൾ ശബരിമലയിലെത്തിക്കഴിഞ്ഞു. സീസൺമുൻപായി ഇൻസിനേറ്ററുകളുടെ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ദേവസ്വം അധികാരികൾ പറയുന്നു.

എന്നാൽ ശബരിമലയിലെ മാലിന്യത്തിന്റെ ഉറവിടം കണ്ടെത്തി അത് പൂർണ്ണമായി തടയുകയാണ് വേണ്ടത് എന്നാണ് പരിസ്ഥിതി പ്രവർത്തകർ പറയുന്നത്. മണ്ഡലകാലത്ത് മാത്രം രണ്ടുകോടിയോളം തീർത്ഥാടകരെത്തുന്ന ശബരിമലയിൽ പ്ലാസ്റ്റിക് നിരോധനം കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. തുണികളും പ്ലാസ്റ്റിക് പാത്രങ്ങളും മറ്റ് ചുറ്റുപാടും വലിച്ചെറിയുന്ന ഭക്തരുടെ മനോഭാവം മാറ്റാനായി ബോധവൽക്കരണം നടത്തുകയും വേണം.

തീർത്ഥാടകർ ശബരിമലയിൽ ഒന്നും ഉപേക്ഷിച്ച് പോകുന്നില്ല എന്ന് ഉറപ്പുവരുത്താൻ വനംവകുപ്പും ദേവസ്വം ബോർഡും ഭക്തജനങ്ങളും പോലീസും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്. മാലിന്യങ്ങൾ കത്തിച്ചുകളയുന്നതിനുപകരം അവ തരംതിരിച്ച് സംസ്കരിക്കണം. പമ്പയിലും സന്നിധാനത്തുമുള്ള ഹോട്ടലുകളും കടകളും ശബരിമലയെ മലിനീകരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. മലിനീകരണം ഉണ്ടാകുന്ന പക്ഷം അവ അടച്ചുപൂട്ടാൻ ബന്ധപ്പെട്ട അധികാരികൾ തയ്യാറാവേണ്ടതാണ്. ഇത്തരം നടപടികൾ എടുക്കുന്നതിന് പകരം ഇൻസിനേറ്റർ സ്ഥാപിക്കാനുള്ള ബോർഡിന്റെ നീക്കം വൻപാരിസ്ഥിതിക ദുരന്തത്തിനായും വഴിവെക്കുക എന്നാണ് പരിസ്ഥിതി സംഘടനകളുടെ വാദം. ഇൻസിനേറ്റർ സ്ഥാപിച്ച് അന്തരീക്ഷമലിനീകരണം നടത്താൻ പോകുന്ന ദേവസ്വം ബോർഡ് അപ്പാച്ചിമേട്ടിലും നീലമലകയറ്റത്തും ഓക്സിജൻ പാർലറുകൾ സ്ഥാപിക്കാനുള്ള നീക്കം പരിഹാസ്യമാണെന്ന് പരിസ്ഥിതി പ്രവർത്തകർ ആരോപിക്കുന്നു.